# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.4060 27.6.2012-ൽ മറുപടിയ്ക്ക്

## ഒന്നാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻമാരുടെ പ്രമോഷൻ

| ചോദ്യം<br>ശ്രീ. മോൻസ് ജോസഫ് | മറുപടി<br>ശ്രീ. പി.ജെ ജോസഫ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
|---|---|
| (എ) കേരളാ വാട്ടർ അതോറിറ്റി യിലെ ഒന്നാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻമാരുടെ എ. ഇ. തസ്തികയിലേയ്ക്കുള്ള പ്രമോഷന് ഇപ്പോൾ എത്ര ഒഴിവുകൾ നിലവിലുണ്ട് എന്ന് വ്യക്തമാക്കാമോ; | (എ) 11 ഒഴിവുകൾ നിലവിലുണ്ട്<br>ഡിപ്ലോമ - 7<br>സർട്ടിഫിക്കറ്റ് - 4 |
| (ബി) പ്രസ്തുത പ്രമോഷൻ സംബന്ധിച്ച് ഇപ്പോൾ ഹൈക്കോടതിയിൽ കേസ് നിലവിലുണ്ടോ; ഉണ്ടെങ്കിൽ കേസ് നിലവിലുള്ളപ്പോൾ തന്നെ എത്ര പേർക്ക് പ്രമോഷൻ നൽകിയിട്ടുണ്ട്; പ്രൊവിഷണൽ പ്രമോഷൻ നൽകുന്നതിന് തടസ്സം നിലവിലുണ്ടോ; ഉണ്ടെങ്കിൽ എന്തെന്ന് വ്യക്തമാക്കുമോ; | (ബി) പ്രസ്തുത പ്രമോഷൻ സംബന്ധിച്ച് ഇപ്പോൾ ഹൈക്കോടതിയിൽ കേസ് നിലവിലുണ്ട്. കേസ് നിലവിലുള്ളപ്പോൾ തന്നെ 38 പേർക്ക് പ്രമോഷൻ നല്കിയിട്ടുണ്ട്.<br>ഒ.പി. നമ്പർ. 879/2002-ന്റെ കോടതി ജഡ്ജ് മെന്റ് പ്രകാരം ഒന്നാം ഗ്രേഡ് ഡ്രാഫ്റ്റ്സ് മാൻമാരുടെ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കി കോടതിയിൽ സമർപ്പിക്കുന്നതിനുള്ള നടപടി പൂർത്തിയായി വരുന്നതിനാൽ കൂടുതൽ പരാതികൾ ഒഴിവാക്കുന്നതിനായി റദ്ദ് ചെയ്ത സീനിയോറിറ്റി ലിസ്റ്റിൽ നിന്നും പ്രമോഷൻ നല്കേണ്ടതില്ല എന്ന് തീരുമാനിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | പ്രൊവിഷണൽ പ്രമോഷൻ നൽകുന്നതുകൊണ്ട് വാട്ടർ അതോറിറ്റിയ്ക്ക് എന്തെങ്കിലും സാമ്പത്തിക ബാധ്യതയുണ്ടാകുമോ ? | (സി) | ഒന്നാം ഗ്രേഡ് ഡ്രാഫ്റ്റ്സ് മാനിൽ നിന്നും അസിസ്റ്റന്റ് എഞ്ചിനീയർ പ്രമോഷന് അർഹതയുള്ളവർ അസിസ്റ്റന്റ് എഞ്ചിനീയറുടെയോ അതിനു മുകളിലുള്ളതോ ആയ ശമ്പള സ്കെയിലുകൾ, ടൈം ബൗണ്ട് ഹയർ ഗ്രേഡ് അനുവദിക്കുന്നതുവഴി നേടിയിട്ടുള്ളതിനാൽ വാട്ടർ അതോറിറ്റിയ്ക്ക് അധിക സാമ്പത്തിക ബാദ്ധ്യത ഉണ്ടാകുന്നില്ല. |

സെക്ഷൻ ഓഫീസർ